സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രൊസീഡിംഗ്സ്

## സംഗ്രഹം

തിരുവിതാംകൂർ ദേവസ്വം ബോർഡ് - ക്ലാസ്ഫോർ ആകുന്നതിന് മുമ്പ് പെൻഷനായ ക്ഷേത്രജീവനക്കാരുടെ കുടുംബ പെൻഷൻ വർദ്ധിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഉത്തരവ് നമ്പർ: **ROC No. 8003/16/Est-1(i)** നന്തൻകോട്, 03/10/2018

---

പരാമർശം :- 1) കേരള സ്റ്റേറ്റ് ദേവസ്വം പെൻഷനേഴ്സ് കോൺഫെഡറേഷൻ ഭാരവാഹികളുമായി 11-07-2018 ൽ ബോർഡ് നടത്തിയ ചർച്ച.

2) 21-08-2018 ലെ ROC 15691/18/Est-1 നമ്പർ ബോർഡുത്തരവ്.

## ഉത്തരവ്

തിരുവിതാംകൂർ ദേവസ്വം ബോർഡിൽ നിന്നും 06/2017 ന് മുൻപ് പെൻഷൻപറ്റിയ ക്ഷേത്രജീവനക്കാരുടെ കുടുംബ പെൻഷൻ 4,000/- രൂപയായി നിശ്ചയിക്കുന്നതിന് കേരള സ്റ്റേറ്റ് ദേവസ്വം പെൻഷനേഴ്സ് കോൺഫെഡറേഷൻ ഭാരവാഹികളുമായി 11-07-2018 ൽ ബോർഡ് നടത്തിയ ചർച്ചയിൽ തീരുമാനിച്ചിരുന്നു.

തിരുവിതാംകൂർ ദേവസ്വം ബോർഡിൽ 14-03-2017 ൽ സർവ്വീസിലുണ്ടായിരുന്ന എല്ലാ ക്ഷേത്ര ജീവനക്കാരെയും ക്ലാസ്ഫോർ ജീവനക്കാരായി അംഗീകരിച്ച് ആനുകൂല്യങ്ങൾ നൽകുന്നതിന് പരാമർശം 2 ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ള സാഹചര്യത്തിൽ 03/2017 ന് മുൻപ് പെൻഷനായ ക്ഷേത്ര ജീവനക്കാർക്ക് 01-04-2017 മുതൽ 4,000/- (നാലായിരം) രൂപ കുടുംബ പെൻഷൻ നൽകുന്നതിന് അനുവദിച്ച് ബോർഡുത്തരവാകുന്നു.

തിരുവിതാംകൂർ ദേവസ്വം ബോർഡിനുവേണ്ടി

(ഒപ്പ്)
സെക്രട്ടറി

പകർപ്പ് :-

1. എല്ലാ ഡിപ്പാർട്ട്മെന്റ്/ആഫീസ് മേധാവികൾക്കും
2. ജോയിന്റ് ഡയറക്ടർ, കേരള സംസ്ഥാന ആഡിറ്റ് വകുപ്പ്, തിരുവിതാംകൂർ ദേവസ്വം ബോർഡ്
3. ഇ.ഡി.പി. സെക്ഷൻ
4. സെക്ഷൻ ഫയൽ
5. ഫയൽ ബുക്ക്
6. ഫെയർ ഓഫീസ് കോപ്പി

അംഗീകാരത്തോടെ/പുറപ്പെടുവിക്കുന്നത്

അസിസ്റ്റന്റ് സെക്രട്ടറി

SK